"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - 2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 4515-00-800-48 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2019-20 വർഷം ടി പാക്കേജിനായി കുടുംബശ്രീയ്ക്ക് അനുവദിച്ചതും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളതുമായ 11.29 കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.795/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/04/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.1947/2019/തസ്വഭവ. തീയതി, 6/9/2019.

2 8/4/2020-ലെ 21/2020/ധന. നമ്പർ സർക്കുലർ

3 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/4/2020-ലെ 1388/എ/2020/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**ഉത്തരവ്**

1. കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 4515-00-800-48 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 75 കോടി രൂപയിൽ നിന്നും 25 കോടി രൂപ പരാമർശം (1) പ്രകാരം കുടുംബശ്രീയ്ക്ക് അനുവദിച്ചിരുന്നു. ടി പാക്കേജിന്റെ 24.64 കോടി രൂപയുടെള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുകയും 13.17 കോടി രൂപ പാസ്സാവുകയും ശേഷിക്കുന്ന 11.29 കോടി രൂപയുടെള്ള ബില്ലുകൾ ട്രഷറി/WAMS ക്യൂവിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. 2019-20 സാമ്പത്തിക വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നതിന് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 4515-00-800-48 എന്ന ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2019-20 വർഷം പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി കുടുംബശ്രീക്ക് അനുവദിച്ച 25 കോടി രൂപയിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ 11.29 കോടി രൂപ ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കുടുംബശ്രീക്ക് അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 4515-00-800-48 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപയിൽ നിന്നും 2019-20 വർഷം ടി പാക്കേജിനായി കുടുംബശ്രീയ്ക്ക് അനുവദിച്ചതും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളതുമായ 11.29 കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. തദ്ദേശസ്വയംഭരണ വകുപ്പ് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോള് ഡി**

**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ&ഇ), കേരള, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ ഇ. & ആർ.എസ്.എ) കേരള, തിരുവനന്തപുരം

ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ധനകാര്യ (ഡെവലപ്മെന്റ് വിംഗ്) വകുപ്പ്.

തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ